# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.261 — 28.01.2014 -ലെ മറുപടിയ്ക്ക്

## രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 'റൂസ' ഫണ്ടിങ്ങിനായി അംഗീകരിച്ച പദ്ധതികളിൽ ഭൂരിഭാഗവും സംസ്ഥാനത്തിന് ലഭിക്കാൻ സാദ്ധ്യതയില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. മുൻപ് സമർപ്പിച്ചിരുന്ന ചില പദ്ധതികൾ 'റൂസ'യുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം മോഡൽ കോളേജുകൾ ആരംഭിക്കുന്നതിന് മുൻപ് സമർപിച്ചിരുന്ന പ്രപ്പോസലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 4 മോഡൽ കോളേജുകൾ ആരംഭിക്കുന്നതിന് 7.8 കോടി രൂപ വിതം 'റൂസ' യുടെ പ്രോജക്ട് അപ്രൂവൽ ബോഡ് അംഗീകാരം നൽകിയിട്ടുണ്ട്. മലപ്പുറം, നീലേശ്വരം പാലക്കാട്, മീനങ്ങാടി (വയനാട്) എന്നീ മോഡൽ കോളേജുകൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. 'റൂസ' യുടെ ഫണ്ട് നിക്ഷേപിക്കുന്നതിന് വേണ്ടി ഒരു അക്കൗണ്ട് ഓപ്പൺചെയ്തിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം ഹയർ എഡ്യൂക്കേഷൻ കൗൺസിലുകൾ രൂപീകരിക്കേണ്ടതുണ്ടോ ; ഈ കൗൺസിലുകളുടെ പ്രവർത്തനം ഏതു രീതിയിലാണെന്ന് വിശദമാക്കുമോ ? | (ബി) | ഉണ്ട്. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇപ്പോൾതന്നെ പ്രവർത്തിച്ച് വരുന്നുണ്ട്. ചെയർമാൻ (വിദ്യാഭ്യാസ വകുപ്പ് മന്ത്രി), വൈസ് ചെയർമാൻ , മെമ്പർ സെക്രട്ടറി, രജിസ്ട്രാർ, അഡ്വൈസറി കൗൺസിൽ, ഗവേണിംഗ് കൗൺസിൽ, എക്സിക്യൂട്ടീവ് കൗൺസിൽ എന്നിവർ ചേർന്നതാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ. 'റൂസ' യുടെ ഫണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേനയായിരിക്കും നൽകുക. |

സെക്ഷൻ ഓഫീസർ